**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4520** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-2 ആയും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

# പട്ടികജാതി വികസന വകുപ്പ്

**<u>പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ</u>**

1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി.
2. സ്പിൽ ഓവർ ഭവനങ്ങളുടെയും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെയും പൂർത്തീകരണവും പഠനമുറികളുടെ നിർമ്മാണവും.
3. പട്ടികവിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ.
4. ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി.
5. പട്ടികജാതി ഉപപദ്ധതികളിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫണ്ട്.
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും.
7. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവ് നികത്തൽ പദ്ധതി).
8. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ഓഹരി മൂലധന വിഹിതം.
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.
10. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്.
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം.
12. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം - പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ.
13. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം.
14. വാത്സല്യ നിധി.
15. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്.
16. പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ. (50 ശതമാനം സംസ്ഥാന വിഹിതം)
17. ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതി.
18. ആരോഗ്യ സംരക്ഷണ പരിപാടി.
19. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം.

## <u>100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1. പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ ടു എസ്.സി.എസ്.പി)
2. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പുകൾ.
3. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ.
4. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന.
5. ഒമ്പതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.
6. ശുചീകരണത്തിലും ആരോഗ്യത്തിന് ഹാനികരവുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.
7. പ്രധാൻമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ).

## <u>മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്ര വിഹിതം)
2. പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ

സെക്ഷൻ ഓഫീസർ

അനുബന്ധം – 2

# പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>എ) വിദ്യാഭ്യാസ രംഗം</u>**

- **<u>വിദ്യാഭ്യാസ സ്കോളർഷിപ്പ്</u>**

പ്രീമെട്രിക് പോസ്റ്റ് മെട്രിക് ക്ലാസുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് , ഹോസ്റ്റൽ മെസ്സ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്.

- **<u>ഹോസ്റ്റലുകൾ / എം.ആർ.എസ്സുകൾ</u>**

വകുപ്പിന്റെ കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 105 പ്രീമെട്രിക് ഹോസ്റ്റലുകൾ, 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. സമർത്ഥരായ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രദാനം ചെയ്യുക, വിദ്യാഭ്യാസ സൗകര്യം ഇല്ലാത്തവർക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്തു നൽകുക, ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുക എന്നിവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

- **<u>പ്രീ പ്രൈമറി വിദ്യാഭ്യാസം</u>**

പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി നഴ്സറി സ്കൂളുകൾ, പെരിപതറ്റിക് സെന്ററുകൾ വികാസ് വാടികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

- **<u>ഗോത്രബന്ധു</u>**

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുക, കൊഴിഞ്ഞുപോക്ക് തടയുക, പട്ടികവർഗ്ഗ ത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ / എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഗോത്ര ഭാഷയിൽ പഠനം നടത്തുന്നതിനും അതുവഴി വിദ്യാലയങ്ങൾ കൂടുതൽ ഗോത്ര വിദ്യാർത്ഥി സൗഹൃദങ്ങൾ ആക്കുന്നതിനുള്ള പദ്ധതിയാണിത്.

- **<u>സാമൂഹിക പഠനമുറി</u>**

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സമൂഹ്യപഠനമുറി. ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ പദ്ധതിയാണ് സാമൂഹ്യപഠനമുറി. ഇത്തരത്തിൽ 250 സാമൂഹിക പഠനമുറികൾ സജ്ജീകരിച്ചിട്ടുണ്ട്.

- **<u>ലാപ് ടോപ്പ് വിതരണം</u>**

പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് സൗജന്യമായി നൽകുന്ന പ്രകാരം കമ്പ്യൂട്ടർ അധിഷ്ഠിത ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

* **<u>സെറ്റിൽമെന്റുകളിൽ ഇന്റർനെറ്റ് സൌകര്യം</u>**

കോവിഡ് മാഹാമരിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കണക്ടിവിറ്റി തീരെ ഇല്ലാത്ത സെറ്റിൽമെന്റുകളിൽ കണക്ടിവിറ്റിയുള്ള നടപടി സ്വീകരിച്ചു വരുന്നു.

* **<u>വിദേശ പഠനത്തിനുള്ള ധനസഹായം</u>**

സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

* **<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം</u>**

വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 20 എം.ആർ.എസ്സുകളെയും അന്തരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

* **<u>പ്രീ മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം</u>**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന 114 പ്രീമെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൗതീക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**ബി) <u>ആരോഗ്യ സംരക്ഷണ പദ്ധതികൾ</u>**

**<u>എ) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി</u>**

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പ വരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽകോളേജ് ആശുപത്രികളിലും സൌജന്യമായി ലഭിക്കുന്നു.

**<u>ബി) ചികിത്സാ സഹായം</u>**

അടിയന്തിര ഘട്ടങ്ങളിൽ ചികിത്സാ അനുബന്ധ ചെലവുകൾക്കായി രോഗികളെ ആശുപതിയിൽ എത്തിക്കുന്നതിനും ഉന്നത കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും വാഹന വാടക ഇനത്തിലും പരമാവധി 5000/- രൂപ വരെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേനയും അനുവദിച്ചു വരുന്നുണ്ട്. 10000/- രൂപ വരെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും അതിൽ കൂടുതൽ വരുന്ന ചികിത്സാ ചെലവുകൾ സർക്കാർ അനുമതി ലഭ്യമാക്കിയും വിതരണം ചെയ്തു വരുന്നു.

**<u>അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം</u>**

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്കിടയിൽ കണ്ടു വരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

**<u>മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ</u>**

ഇടുക്കി ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

കൂടാതെ KMSCL (Kerala Medical Services Corporation Limited) മുഖേന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 – എണ്ണം) കോഴിക്കോട്, മലപ്പുറം,

കാസർഗോഡ്, കണ്ണൂർ, വയനാട് (2 –എണ്ണം) എന്നീ ജില്ലകളിലായി ആകെ 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

- **ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും**

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപ്രതിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

- **ആംബുലൻസ് സേവനം**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ഐ.റ്റി.ഡി.പി. വയനാട്, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് മാനന്തവാടി, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി എന്നീ ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകൾ (ഓരോയിടത്തും 2 വീതം) പട്ടികവർഗ്ഗ വിഭാഗക്കാരായ രോഗികളെ കോളനികളിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഉൾപ്പെടെ വിവിധ ആശുപത്രികളിലേയ്ക്കും ചികിത്സ കഴിഞ്ഞവരെ തിരികെ കോളനികളിൽ എത്തിക്കുന്നതിനും ഉപയോഗത്തിലുണ്ട്.

- **ജനനി ജന്മരക്ഷാ പദ്ധതി**

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭ്യമാക്കൽ, ഗർഭിണികൾക്കും അമ്മമാർക്കും ശിശുക്കൾക്കും പ്രതിരോധ കുത്തിവയ്പുകൾ ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുഞ്ഞ് ജനിച്ച് ഒരു വയസ്സുവരെയുള്ള കാലയളവിൽ പ്രതിമാസം 2000/- രൂപ വീതം അനുവദിച്ചു വരുന്നു.

## സി) സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ

- **ഭൂമി വിതരണവും ഭവന നിർമ്മാണവും**

ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമിവിതരണം, റവന്യൂ ഭൂമിവിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തു വരുന്നു. ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനെയും വീട് അനുവദിച്ച് വരുന്നുണ്ട്. കഴിഞ്ഞ സർക്കാർ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കുംവീട് അനുവദിച്ച് വരുന്നത്.

- **ലൈഫ് മിഷൻ**

മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിൽ അനുവദിച്ചതും 31.3.2016 നുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാതിരുന്നതുമായ പട്ടികവർഗ്ഗക്കാരുടെ 12022 വീടുകൾക്ക് ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചുകൊണ്ട് 11377 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ അനുവദിക്കുന്ന രണ്ടാം ഘട്ടത്തിൽ അനുവദിച്ച 3380 വീടുകളിൽ 2748 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിതർക്ക് വീട് അനുവദിക്കുന്ന മൂന്നാം ഘട്ടത്തിൽ അനുവദിച്ച 497 വീടുകളിൽ 265 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- **അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം**

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ

പുനരധിവാസവും അടിസ്ഥാന സൗകര്യ വികസനവും തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- **<u>പി.കെ.കാളൻ കുടുംബ പദ്ധതി</u>**

പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായും ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായും നടപ്പിലാക്കിയ പദ്ധതിയാണിത്.

**<u>ഭക്ഷ്യ സുരക്ഷാ പദ്ധതികൾ</u>**

ഭക്ഷ്യ സഹായ പദ്ധതി മുഖേന പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രകൃതി ക്ഷോഭങ്ങൾ, അത്യാഹിത ഘട്ടങ്ങൾ, മൺസൂൺ തുടങ്ങി പട്ടികവർഗ്ഗക്കാർക്ക് തൊഴിലില്ലാത്ത സമയങ്ങളിൽ അവർക്ക് പോഷകഹാരവും ഭക്ഷ്യ സുരക്ഷയും ഉറപ്പ് വരുത്തുന്നു. കൂടാതെ കമ്മ്യൂണിറ്റി കിച്ചൻ, മില്ലെറ്റ് വില്ലേജ്, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സാധിച്ചു. ഈ പദ്ധതികൾ 2021-22 വർഷവും തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.

**<u>മില്ലെറ്റ് വില്ലേജ് :</u>** മില്ലെറ്റ് വില്ലേജ് പദ്ധതി പ്ര****കാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെ. ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:</u>** പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ "നമത്ത് വെള്ളാമെ" എന്ന പദ്ധതി ആരംഭിച്ചു. പരമ്പരാഗത കൃഷിയെ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി ഹരിതരശ്മി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനും ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സാകര്യങ്ങൾ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ പോഷകനിലവാരം വർദ്ധിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിലും തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.

- **<u>വിവാഹ ധനസഹായം</u>**

നിർദ്ധനരും അനാഥരും നിലവിൽ 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ വരെ വിവാഹധനസഹായം അനുവദിച്ച് വരുന്നു. പെൺകുട്ടികളുടെ മാതാപിതാക്കൾ മരണപ്പെട്ടതാണെങ്കിൽ 1,50,000 രൂപ നൽകി വരുന്നു.

- **<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി</u>**

ഗ്രാമീണ മേഖലയിലെ പട്ടികവർഗ കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമാകുന്ന 100 ദിവസത്തെ തൊഴിലിന് ഉപരിയായി 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിന് കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ് ട്രൈബൽ പ്ലസ്.

- **<u>തൊഴിലും നൈപുണ്യ പരിശീലനവും</u>**

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും തുടർ പദ്ധതികളായി നടപ്പിലാക്കി വരുന്നു.

2016 മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 17 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 48 കോഴ്സുകളിലായി 5808 ഉദ്യോഗ്യാർത്ഥികൾക്ക് പരിശീലനം ലഭദ്യമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, ഹോട്ടൽ മനേജ്മെന്റ് കോഴ്സുകൾ തുടങ്ങിയ ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള പരിശീലന പരിപാടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ